## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1824** **09-12-2022 - ൽ മറുപടിയ്ക്ക്**

## നാളികേര വിലയിടിവ് തടയാനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പാം ഓയിലിന് നികുതി കുറച്ചതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ നയങ്ങൾ കാരണം തേങ്ങക്ക് കനത്ത വിലയിടിവുണ്ടാകുന്നത് തടയുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | കേന്ദ്ര നയങ്ങൾ മൂലം നാളികേരത്തിന് ഉണ്ടാകുന്ന വിലയിടിവ് കാരണം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ ഈ വർഷം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുകയുണ്ടായി. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ, കിലോയ്ക്ക് 32 രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്.സംഭരണ കേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണ കേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചു കേരകർഷകനെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും VFPCK യോട് 28 സംഭരണ കേന്ദ്രവും KSCDC യോട് 30 സംഭരണ കേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. ഈ സംഭരണ കേന്ദ്രങ്ങളിൽ 22 എണ്ണം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 01-12-2022 വരെ 6001.12 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുമുണ്ട്. 04.03.2022- ലെ സ.ഉ.(കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്നും പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിൽ ഉണ്ടായിരുന്നത്. എന്നാൽ കർഷകരുടെ നിരന്തരമായ അഭ്യർത്ഥനമാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 07.11.2022 മുതൽ ഒരു വർഷത്തിൽ തെങ്ങ് ഒന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം അഞ്ച് തവണകളായോ |

| | | | |
|---|---|---|---|
| | | | പച്ചത്തേങ്ങ സംഭരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലവിലുള്ളത്. |
| (ബി) | കേരഫെഡും നാളികേര വികസന ബോർഡും നടത്തുന്ന പച്ചത്തേങ്ങ സംഭരണം ഫലപ്രദമായിട്ടുണ്ടോ; നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണം കാര്യക്ഷമമല്ലാതെ പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാനസർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14.01.2022 ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്. 01.12.2022 വരെ 6001.12 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. അതിൽ കേരഫെഡ് 4 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും , 13 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും, 49 സംഭരണകേന്ദ്രങ്ങളിൽ VFPCK മുഖേനയും, 13 സംഭരണകേന്ദ്രങ്ങളിൽ KSCDCമുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് കേര കർഷകനെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും, VFPCK യോട് 28 സംഭരണകേന്ദ്രവും, KSCDC യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതിൽ കേരഫെഡും, VFPCK-യും ആരംഭിക്കുന്ന പുതിയ സംഭരണകേന്ദ്രങ്ങളിൽ 11 എണ്ണം വീതം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. സർക്കാരിന്റെ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.<br><br>കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും VFPCK യെയും സ്റ്റേറ്റ് ലെവൽ ഏജൻസിയായി പ്രഖ്യാപിച്ചു. |

| | | | |
|---|---|---|---|
| | | | എന്നാൽ കരാറിൽ സംഭരണ ഏജൻസികൾ സ്വന്തം ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കുവാൻ പാടുള്ളതല്ല എന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കൊപ്ര സംഭരണം കേരഫെഡ് വഴി നടത്തുവാൻ ഉതകുമാറ് കേരഫെഡിനെ ടി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാണമെന്ന കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ മറുപടി നാളിതു വരെ ലഭ്യമായിട്ടില്ല.സംഭരണ കാലാവധി 31 -03 -2023 വരെ നീട്ടണമെന്നും കേരഫെഡിനെക്കൂടി സംഭരണ ഏജൻസി ആക്കത്തക്ക വിധം വ്യവസ്ഥയിൽ മാറ്റം വരുത്തണമെന്നും കേന്ദ്ര സർക്കാരിനോട് 14/11/2022 തീയതിയിലും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | വെളിച്ചെണ്ണയുടെയും മറ്റ് മൂല്യവർദ്ധിതോല്പന്നങ്ങളുടേയും വിപണി വിപുലീകരിച്ച് വിലയിടിവ് തടയാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (സി) | കേരഫെഡ് നിലവിൽ ഏകദേശം 125 ഓളം വിതരണക്കാർ മുഖേന കേരളത്തിനകത്തും അന്യസംസ്ഥാനങ്ങളിലും വെളിച്ചെണ്ണ വിപണനം ചെയ്യുന്നു. വരും നാളുകളിൽ ഇപ്പോൾ വിപണനം നടത്താത്ത സ്ഥലങ്ങൾ കണ്ടെത്തി പുതിയ വിപണനക്കാരെ വെച്ച് വെളിച്ചെണ്ണയുടെ വിതരണം വർദ്ധിപ്പിക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. വെളിച്ചെണ്ണയ്ക്ക് പുറമെ കേരജം, കേശാമൃത്, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര മിൽക്ക് പൌഡർ എന്നീ മൂല്യവർധിത ഉൽപ്പന്നങ്ങളും കേരഫെഡ് ഇപ്പോൾ വിപണനം നടത്തി വരുന്നു. നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ കേര കോക്കനട്ട് വാട്ടർ, കേര ടെൻഡർ കോക്കനട്ട് വാട്ടർ, കേര ടെൻഡർ കോക്കനട്ട് ഐസ്ക്രീം, കേര കോക്കനട്ട് കുക്കീസ്, കേര കോക്കനട്ട് ക്രീം, കേര കോക്കനട്ട് ചിപ്സ് മുതലായ പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കാൻ ശ്രമിക്കുന്നുണ്ട്. ഇപ്രകാരം വെളിച്ചെണ്ണയുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിപണി വിപുലീകരിച്ചു നാളികേരത്തിന്റെ വിലയിടിവ് തടയുവാനുള്ള ശ്രമം നടത്തി വരുന്നു.<br><br>കേരഗ്രാമങ്ങളിൽ രൂപംകൊള്ളുന്ന കേരസമിതികൾ, കൃഷിക്കൂട്ടം എന്നിവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി വിപണനം നടത്താൻ പ്രാപ്തമാക്കുന്ന സമീപനവും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് ആറ്റിങ്ങൽ മാമത്ത് 30000 ലിറ്റർ വെർജിൻ വെളിച്ചെണ്ണയും 18000 കിലോഗ്രാം ലോ ഫാറ്റ് ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറും |

| | | | |
|---|---|---|---|
| | | | ഉൽപ്പാദിപ്പിക്കാൻ ഉതകുന്ന പ്ലാന്റ് ഉണ്ട്. കൂടാതെ 600000 ലിറ്റർ ഉൽപ്പാദനശേഷിയുള്ള വെളിച്ചെണ്ണ മില്ലും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഉൽപ്പാദനശേഷി 10 ലക്ഷം ലിറ്റർ ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വെളിച്ചെണ്ണ സംസ്ഥാനാന്തര വിപണിയിലും വിദേശത്തും വിപണനം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും സ്റ്റേക്ക് ഹോൾഡർമാരുമായി ആശയവിനിമയം ചെയ്തു വരുന്നുമുണ്ട്. ഇത്തരം സമഗ്ര പദ്ധതികൾ വിഭവ ലഭ്യതയ്ക്കനുസരിച്ച് രൂപീകരിക്കുക വഴി ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും നാളികേര വിലയിടിവ് തടയുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷ. |

സെക്ഷൻ ഓഫീസർ